## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3475 18.02.2013-ൽ മറുപടിക്ക്.

**വൈക്കം നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളുടെ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) |
| (എ) വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തും തങ്ങളുടെ 2012-2013 ലെ പദ്ധതികൾ ഏത് മാസമാണ് ഡി.പി.സികൾക്ക് സമർപ്പിച്ചതെന്നും ആയതിന് ഏതു മാസം അംഗീകാരം ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) വൈക്കം നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ഡി.പി.സി അംഗീകാരം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്രമനം | പഞ്ചായത്തിന്റെ പേര് | ഡി.പി.സിയ്ക്ക് സമർപ്പിച്ചത് | ഡി.പി.സി അംഗീകാരം ലഭിച്ചത് |
|---|---|---|---|
| 1 | ചെമ്പ് ഗ്രാമപഞ്ചായത്ത് | ഡിസംബർ | ഡിസംബർ (31.12.2012) |
| 2 | മറവൻ തുരുത്ത് ഗ്രാമപഞ്ചായത്ത് | ഡിസംബർ | ഡിസംബർ (31.12.2012) |
| 3 | ടി.വി.പുരം ഗ്രാമപഞ്ചായത്ത് | ഡിസംബർ | ഡിസംബർ (31.12.2012) |
| 4 | കല്ലറ ഗ്രാമപഞ്ചായത്ത് | ഡിസംബർ | ഡിസംബർ (31.12.2012) |
| 5 | തലയാഴം ഗ്രാമപഞ്ചായത്ത് | ജനുവരി | ജനുവരി (07.01.2013) |
| 6 | വെച്ചൂർ ഗ്രാമപഞ്ചായത്ത് | ജനുവരി | ജനുവരി (07.01.2013) |
| 7 | ഉദയനാപുരം ഗ്രാമപഞ്ചായത്ത് | ജനുവരി | ജനുവരി (07.01.2013) |
| 8 | വെള്ളൂർ ഗ്രാമപഞ്ചായത്ത് | ജനുവരി | ജനുവരി (21.01.2013) |
| 9 | തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് | ജനുവരി | ജനുവരി (21.01.2013) |

| | | | |
|---|---|---|---|
| (ബി) | പഞ്ചായത്തുകൾ പദ്ധതികൾ സമർപ്പിക്കാൻ വൈകിയിട്ടുണ്ടെങ്കിൽ ആയതിനു കാരണം എന്തെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രോജക്ട് രേഖപ്പെടുത്തലും അംഗീകാരം നൽകലും അടക്കമുള്ള പ്രവർത്തനങ്ങൾ ഈ വർഷം മുതൽ ആദ്യമായി ഓൺലൈനായി നടത്തുന്നതിനാൽ തുടക്കത്തിൽ ഉണ്ടായ സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണമാണ് പദ്ധതി സമർപ്പണം അല്പം വൈകിയിട്ടുള്ളത്. |
| (സി) | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യസമയത്തു തന്നെ പഞ്ചായത്തുകളിൽ ലഭ്യമാക്കിയിരുന്നോ; | (സി) | ലഭ്യമാക്കിയിരുന്നു. |
| (ഡി) | വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തും ഇതുവരെ എത്ര ശതമാനം തുക വീതമാണ് ചെലവഴിച്ചതെന്നും, പദ്ധതികളിൽ ഉൾപ്പെടുത്തിയ മുഴുവൻ തുകയും കൃത്യസമയത്തു തന്നെ ചെലവഴിച്ചു തീർക്കാനാകുമോയെന്നും വ്യക്തമാക്കുമോ? | (ഡി) | വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തും ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | ഗ്രാമപഞ്ചായത്ത് | 11/2/13 വരെ ചെലവഴിച്ച തുക |
|---|---|---|
| 1 | ഉദയനാപുരം | 18.5% |
| 2 | ചെമ്പ് | 22.6% |
| 3 | മറവൻ തുരുത്ത് | 32.6% |
| 4 | തലയോലപ്പറമ്പ് | 30.2% |
| 5 | വെച്ചൂർ | 18.5% |
| 6 | തലയാഴം | 28.7% |
| 7 | കല്ലറ | 32.8% |
| 8 | ടി.വി.പുരം | 31% |
| 9 | വെള്ളൂർ | 18.7% |

പദ്ധതി തുക മുഴുവനും കൃത്യസമയത്തുതന്നെ ചെലവഴിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ